# വിവരാവകാശ നിയമം - 2005, അപ്പീൽ അപേക്ഷ

26/12/17

തോമാസ്.എ.എസ്,
അക്കര ഹൗസ്,
റെയിൽവെ സ്റ്റേഷൻ പി.ഒ,
വടക്കാഞ്ചേരി വഴി,
തൃശ്ശൂർ-680623

ജില്ലാ സാമൂഹ്യനീതി ഓഫീസർ,
(പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & അപ്പലേറ്റ് അതോറിറ്റി),
തൃശ്ശൂർ.

സർ,

5999/17

വിഷയം:- വിവരാവകാശ നിയമം-2005 - ശ്രീ. എം.ഡി. ഡേവിഡ്, ഡ്രൈവർ, ഐ.സി.ഡി.എസ്, വെള്ളാങ്കല്ലൂർ - സേവന പുസ്തകത്തിന്റെ പകർപ്പുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.

സൂചന:-വെള്ളാങ്കല്ലൂർ ശിശുവികസന പദ്ധതി ഓഫീസറുടെ 13/11/17 ലെ ഐ.സി.ഡി.എസ്/വി.ജി.ആർ/554/17 നമ്പർ മറുപടി.

വിവരാവകാശ നിയമം - 2005 പ്രകാരം വെള്ളാങ്കല്ലൂർ ശിശുവികസന പദ്ധതി കാര്യാലയത്തിലെ ഡ്രൈവറായ ശ്രീ. എം.ഡി. ഡേവിഡിന്റെ സേവന പുസ്തകത്തിന്റെ ഒന്നാം പേജ് മുതൽ നാലാം പേജ് വരെയും 15-ാം പേജ് മുതൽ അവസാന സ്ഥലം മാറ്റം രേഖപ്പെടുത്തിയ പേജ് വരെയുമുള്ളവയുടെ പകർപ്പുകൾ ആവശ്യപ്പെട്ടിരുന്നെങ്കിലും സേവന പുസ്തകം സ്വകാര്യമായതിനാൽ നൽകാൻ കഴിയില്ല എന്ന് വെള്ളാങ്കല്ലൂർ ശിശുവികസന പദ്ധതി ഓഫീസർ മറുപടി നൽകിയിരിക്കയാണ്. മറുപടിയിൽ അപ്പീൽ നൽകാനുള്ള സമയ പരിധിയും വ്യക്തമാക്കിയിട്ടില്ല.

ബഹു. സുപ്രീം കോടതി ശ്രീ. ഗിരീഷ് പാണ്ഡെ കേസിൽ, ഒരു വ്യക്തിയുടെ സേവന പുസ്തകത്തിലെ സസ്പെൻഷൻ, ഇൻകം ടാക്സ് രേഖപ്പെടുത്തലുകൾ എന്നിവയൊഴിച്ച് ബാക്കിയുള്ളവയെല്ലാം പൊതുതാൽപ്പര്യാർത്ഥം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുമെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

സാമൂഹ്യനീതി വകുപ്പിൽ ജോലി ചെയ്യുന്ന എന്റെ സഹോദരനുൾപ്പെടുന്ന ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാരുടെ സീനിയോറിറ്റി സംബന്ധിച്ച പൊതു വിഷയമാകയാൽ ശ്രീ. എം.ഡി. ഡേവിഡിന്റെ സേവന പുസ്തകത്തിന്റെ 15-ാം പേജ് മുതൽ അവസാന സ്ഥലം മാറ്റമുൾപ്പെടെ രേഖപ്പെടുത്തിയ പേജുകളുടെ പകർപ്പുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടികൾ ഈ അപ്പീൽ അപേക്ഷ പരിഗണിച്ച് കൈക്കൊള്ളണമെന്നപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

തോമാസ്. എ.എസ്.

വടക്കാഞ്ചേരി,
10/12/2017

ഉള്ളടക്കം :- (1) 19/10/2017 ലെ അപേക്ഷയുടെ പകർപ്പ്.
(2) വെള്ളാഹങ്കല്ലൂർ ശിശുവികസന പദ്ധതി ഓഫീസറുടെ മറുപടി കത്തിന്റെ പകർപ്പ്.